(എച്ച്) ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി ഇതുവരെ എന്തു തുക ചെലവായി;

(ഐ) കേരള സർക്കാർ ഈ പദ്ധതിക്കുവേണ്ടി എത്ര തുകയാണ് മുതൽ മുടക്കുന്നത്; ബാക്കി തുക എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജെ) ടോൾ പിരിവ് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(കെ) ഈ വിഷയത്തിൽ അവസാനമായി എടുത്ത തീരുമാനം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-യും (സി)-യും വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറായിവരുന്നു.

(ഡി) വിൽബർ സ്മിത്ത് അസോസിയേറ്റ്സ്, ബാംഗ്ളൂർ എന്ന കൺസൾട്ടൻസി firm-നെയാണ് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) വിശദമായി പദ്ധതി പഠനത്തിന് ഏൽപ്പിച്ചിരിക്കുന്നു.

(എഫ്) പഠന റിപ്പോർട്ട് കിട്ടിയാലേ ഈ വക കാര്യങ്ങൾ തീരുമാനിക്കാനാകൂ.

(ജി) കേരളാ ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട് (24-6-2004). മുഖ്യമന്ത്രി ചെയർമാനും മരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനും ധനം, റവന്യു, നിയമം, വ്യവസായം, സാമൂഹികക്ഷേമം എന്നീ വകുപ്പു മന്ത്രിമാർ അംഗങ്ങളുമാണ്. ഈ കമ്പനിയുടെ യോഗം നടന്നിട്ടില്ല.

(എച്ച്) ഈ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി മുൻ സർക്കാരിന്റെ ഭരണകാലത്ത് strategic option study-യ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ഏജൻസിയായ RITES-ന് 27,56,038 രൂപയും അതിനെ തുടർന്ന് പ്രാഥമിക പഠനത്തിനുവേണ്ടി FEED BACK H & C Integrated എന്ന consulting firm-ന് 31,48,493 രൂപയും നൽകിയിട്ടുണ്ട്. തുടർന്ന് കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും 1,03,00,000 രൂപ ചെലവാക്കി.

(ഐ & ജെ) പദ്ധതി പഠനത്തിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ.

(കെ) വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ

42 [639]/ ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ;

(സി) എക്സ്പ്രസ്സ് ഹൈവേയ്ക്കുപകരം നിലവിലുള്ള ദേശീയപാതകൾ നാലുവരി പാതയാക്കാൻ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ വേണ്ടി ഏല്പിച്ചിരിക്കുന്നു.

(സി) എൻ. എച്ച്.-17, എൻ. എച്ച്-47 എന്നിവ നാലുവരിയാക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

നാഷണൽ ഹൈവേയുടെ ദൈർഘ്യം

43 [640] പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. കെ. ബാബു :

,, പി. ശങ്കരൻ :

,, വി. ജെ. പൗലോസ് :

,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുകൂടി കടന്നു പോകുന്ന നാഷണൽ ഹൈവേയുടെ മൊത്തം ദൈർഘ്യമെത്ര എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽകൂടി കടന്നുപോകുന്ന നാഷണൽ ഹൈവേയുടെ ദൈർഘ്യം താരതമ്യേന കുറവാണോ;

(സി) സംസ്ഥാനത്ത് പുതുതായി രൂപംകൊള്ളുന്ന ഹിൽ ഹൈവേയെ നാഷണൽ ഹൈവേയായി അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1547 കി. മീ.

(ബി) ചതുരശ്രകിലോമീറ്റർ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശീയപാതകളുടെ നീളം ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്.

(സി) ഹിൽ ഹൈവേയെ നാഷണൽ ഹൈവേയായി അംഗീകരിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി

44 [641] ഡോ. തോമസ് ഐസക് :

ശ്രീ. വി. കെ. സി. മമ്മത്കോയ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly